പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

17.08.2017 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 2510

# മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിലെ വിവേചനപരമായ നിലപാടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മലയാള ചലച്ചിത്ര നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്ന വർക്കിടയിൽ വിവേചനപരമായ നിലപാടുകൾ നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. സാംസ്കാരിക കാര്യ വകുപ്പിൽ നിന്നാം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു 3 അംഗ വിദഗ്ധ സമിതിയെ നിയമിച്ച് 01.07.2017 തീയതിയിലെ സ.ഉ (എം.എസ്) നം. 16/2017/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ചലച്ചിത്ര നിർമ്മാണ മേഖലയെ ഒരു വ്യവസായമായി കണക്കാക്കുന്നതിന് നിയമം നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുമോ; | (ബി) നിലവിൽ പരിഗണനയിലില്ല. |
| (സി) ഈ മേഖലയിലെ തൊഴിൽ നിയമങ്ങൾക്ക് എതിരായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | സി)& ഡി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രൊഡക്ഷൻയൂണിറ്റിന്റെ സ്ഥാപനങ്ങളുടെ കീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളി കൾക്കും ഈ മേഖലയിലെ പ്രത്യേക സാഹചര്യം കൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴിയുകയില്ല. മലയാള ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗണ്യമായ ഒരു ഭാഗം |

പ്രവർത്തനം സംസ്ഥാനത്തിനു പുറത്താണ് നടക്കുന്നത്.

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

Sreedas
സെക്ഷൻ ഓഫീസർ